# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -164 — 09.03.2015 ൽ മറുപടിയ്ക്ക്

## സദാചാര പോലീസ് അക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അടുത്തകാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന സദാചാര പോലീസ് അക്രമങ്ങൾ എത്ര എണ്ണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇവയിൽ എത്രപേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു എന്നു പറയാമോ; | (എ) സംസ്ഥാനത്ത് സദാചാര പോലീസ് ചമഞ്ഞ് 16 അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 93 പേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 76 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) കേരളത്തിലെ സദാചാര പോലീസിന്റെ പേരിൽ നടത്തുന്ന അക്രമങ്ങളെ ഇല്ലാതാക്കുവാൻ ആഭ്യന്തര വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) ഇത്തരം അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി ജനമൈത്രീ പോലീസ് വഴിയും മറ്റും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. തുടർച്ചയായ മൊബൈൽ പട്രോളിംഗും പൊതു സ്ഥലങ്ങളിൽ ഷാഡോ പോലീസ്, രഹസ്യാന്വേഷണ വിഭാഗം എന്നിവർ മുഖേന നിരീക്ഷണവും നടത്തിവരുന്നു. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചും വരുന്നു. |
| (സി) സദാചാര പോലീസിനെ നിയന്ത്രിക്കുന്നതിനും അത്തരം ആളുകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന തലത്തിൽ പുതിയ നിയമനിർമ്മാണം നടത്തുമോ; | (സി) ഇത്തരം സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമായതിനാൽ പ്രസ്തുത വിഷയത്തിൽ പുതിയൊരു നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ